(സി) അതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ഈ പദ്ധതികൾ എപ്പോൾ പൂർത്തിയാകും ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) വേളിയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു അമ്യൂസ്മെന്റ് പാർക്കും, കോവളം-കൊല്ലം കനാൽ വികസനത്തോടനുബന്ധിച്ച് വേളിയിൽ നിന്ന് കോവളത്തേക്കും കൊല്ലത്തേക്കും ബോട്ട് സർവ്വീസുകൾ ആരംഭിക്കുവാനും, നിലവിലുള്ള വേളി ടൂറിസ്റ്റ് വില്ലേജിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും ഉദ്ദേശമുണ്ട്. വേളി ടൂറിസ്റ്റ് വില്ലേജിലേക്കുള്ള റോഡ് വീതികൂട്ടാനുള്ള പദ്ധതിക്കും അനുവാദം നൽകിയിട്ടുണ്ട്.

(സി) അമ്യൂസ്മെന്റ് പാർക്ക് സ്ഥാപിക്കാനുള്ള ഏജൻസിയെ തീർച്ചപ്പെടുത്തി കഴിഞ്ഞു. ഇതിലേക്കാവശ്യമായ 25 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിന്റെ ഒന്നാം ഘട്ടമായി 15 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ 10 ഏക്കർ ഭൂമി ഏറ്റെടുക്കാൻ വേണ്ട നടപടി അന്തിമ ഘട്ടത്തിലാണ്. ഈ പദ്ധതി ഒരു വർഷത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

കാപ്പാട് ടൂറിസം വികസനം

156 (1091) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കാപ്പാട് ടൂറിസം വികസനത്തിനുവേണ്ടി 1996 മുതൽ 2001 ജനുവരി 31 വരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ടൂറിസം വികസനത്തിനുവേണ്ടി പ്രസ്തുത കേന്ദ്രത്തിൽ പുതിയ പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(സി) ഇവിടെ ടൂറിസം റിസോർട്ട് വിപുലപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാപ്പാട് നിന്തൽക്കുളം നിർമ്മിക്കുന്നതിനായി 22 ലക്ഷം രൂപ ഈ കാലയളവിൽ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി & ഡി) കാപ്പാട് ടൂറിസം റിസോർട്ട് വിപുലപ്പെടത്തുന്നതിനായുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly